പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2468 **27-10-2026-ൽ മറുപടിയ്ക്ക്**

വിമുക്തി പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. ജ്യോതികുമാർ ചാമക്കാല

ശ്രീ. സുമേഷ് അച്യുതൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) വിമുക്തി പദ്ധതിയുടെ ഭാഗമായി സ്കൂൾ, കോളേജ് വിദ്യാർഥികൾക്കിടയിൽ നടത്തുന്ന ബോധവത്കരണ പരിപാടികളുടെ ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ടോ; വിമുക്തി കേന്ദ്രങ്ങളിൽ ചികിത്സ തേടുന്നവർക്ക് വിദഗ്ധ ഡോക്ടർമാരുടെയും മനഃശാസ്ത്ര വിദഗ്ധരുടെയും സേവനം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: വിമുക്തി പദ്ധതിയുടെ ഭാഗമായി നടത്തിയ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി എറണാകുളം രാജഗിരി കോളേജ് സോഷ്യൽ സയൻസ് വിഭാഗം അസോസിയേറ്റ് പ്രൊഫസർ Dr. അനീഷ് K.R മുഖേന വിശകലനം ചെയ്തിട്ടുണ്ട്. ആയതിൽ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ നടത്തുന്ന ബോധവൽക്കരണ പരിപാടികളുടെ ഫലപ്രാപ്തിയും വിലയിരുത്തിയിട്ടുണ്ട്. ടി വിശകലനത്തിൽ പരാമർശിച്ചിരുന്ന സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കിടയിൽ നടത്തുന്ന ബോധവൽക്കരണ പരിപാടികളുടെ പരിമിതികൾ പരിഹരിക്കുന്നതിനായി വിമുക്തി മിഷൻ നടപടികൾ സ്വീകരിച്ച് വരുന്നു. ആയതിനായി യോഗ്യരായ 272 എക്സൈസ് ജീവനക്കാർക്ക് ബോധവൽക്കരണം നടത്തുന്നതിനുള്ള പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാതലത്തിൽ കൗൺസിലിംഗ് നൽകുന്നതിലേക്കായി വിവിധ വകുപ്പുകളിൽ നിന്നുള്ള കൗൺസിലർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനായി കൗൺസിലർമാരുടെ ഒരു പാനൽ രൂപീകരിച്ചിട്ടുണ്ട്. ടി കൗൺസിലർമാർക്ക് ആരോഗ്യവകുപ്പുമായി സഹകരിച്ചു വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ വിവിധ പരിപാടികളിലൂടെ വിമുക്തി പദ്ധതിയുടെ ഭാഗമായി സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കിടയിൽ നടത്തുന്ന ബോധവൽക്കരണ പരിപാടികളുടെ ഫലപ്രാപ്തി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ലഹരിക്കടിമപ്പെട്ടവർക്ക് ലഹരിമോചന ചികിത്സ ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പുമായി സഹകരിച്ച് സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 14 ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഒരു മെഡിക്കൽ ഓഫീസർ, ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒരു സൈക്യാട്രിക് സോഷ്യൽ വർക്കർ, മൂന്ന് സ്റ്റാഫ് നേഴ്സ്, മൂന്ന് സെക്യൂരിറ്റി സ്റ്റാഫ്, ഒരു ക്ലീനിംഗ് സ്റ്റാഫ് എന്നിവരുടെ തസ്തിക ഓരോ ഡി-അഡിക്ഷൻ സെന്ററിലും നിലവിലുണ്ട്. കൂടുതൽ വിദഗ്ധ ചികിത്സ ഉറപ്പു വരുത്തുന്നതിനായി സൈക്യാട്രിസ്റ്റുകളുടെ തസ്തിക കൂടി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഡി- അഡിക്ഷൻ സെന്ററുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് വിദഗ്ധരുടെ സഹായത്താൽ ഒരു ഡി.പി.ആറും ഡി-അഡിക്ഷൻ സെന്ററുകളുടെ ഏകീകൃത

പ്രവർത്തനത്തിനായി ഒരു എസ്.ഒ.പിയും എക്സൈസ് വകുപ്പ് തയാറാക്കിയിട്ടുണ്ട്. അത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് .

(ബി) ലഹരിവിമുക്ത ചികിത്സ പൂർത്തിയാക്കിയവർക്ക് തുടർ കൗൺസലിങ്ങും തൊഴിൽ പരിശീലനവും കുടുംബ പിന്തുണയും ലഭ്യമാക്കാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കാമോ?

<u>മറുപടി:</u> ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലഹരി ഉപയോഗവും അനധികൃത ലഹരി വ്യാപനവും ഫലപ്രദമായി തടയുന്നതിനായി എൻഫോഴ്സ്മെന്റ്, ബോധവൽക്കരണം, കൗൺസിലിംഗ്, ഡി-അഡിക്ഷൻ ചികിത്സ, പുനരധിവാസം എന്നിവയെ ഏകോപിപ്പിച്ച് സർക്കാർ **"മയങ്ങില്ല കേരളം"** എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു.

ലഹരിമുക്ത ചികിത്സ തേടിയവർക്ക് നിലവിൽ ഡി-അഡിക്ഷൻ സെന്ററുകൾ വഴി ഫോളോ അപ്പ് ചികിത്സ നൽകി വരുന്നുണ്ട്. 2026 ജൂലൈ 1 മുതൽ നാളിതുവരെ 1643 പേർക്ക് ഡി-അഡിക്ഷൻ സെന്ററുകളിലൂടെ ഫോളോ അപ്പ് സേവനം നൽകിയിട്ടുണ്ട്. ലഹരിമുക്ത ചികിത്സ പൂർത്തിയാക്കിയവർക്ക് തുടർകൗൺസിലിംഗും തൊഴിൽ പരിശീലനവും കുടുംബപിന്തുണയും ലഭ്യമാക്കുന്നതിന് വേണ്ടി സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയോട് അനുബന്ധിച്ച് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ ഒരു മാതൃക പുനരധിവാസ കേന്ദ്രം ആരംഭിക്കുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ച് ഡി.പി.ആറും എസ്.ഒ.പിയും തയ്യാറാക്കിയിട്ടുണ്ട്. അത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ സന്നദ്ധ സംഘടനകളുമായും മറ്റും ചർച്ചകൾ നടത്തി വരികയാണ്.

സെക്ഷൻ ഓഫീസർ